**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2242** **21-06-2024 - ൽ മറുപടിയ്ക്ക്**

**മത്സ്യത്തിന്റെ ഗുണനിലവാരം ഉറപ്പാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജോബ് മൈക്കിൾ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം മത്സ്യത്തിന്റെ ഗുണനിലവാരം ഉറപ്പ് വരുത്താൻ ഭക്ഷ്യ സുരക്ഷാ വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ? | (എ) | സംസ്ഥാനത്ത് വില്പനയ്ക്കെത്തുന്ന മത്സ്യങ്ങളിലെ മായം കണ്ടെത്തുന്നതിനായി 'ഓപ്പറേഷൻ മത്സ്യ' എന്ന പദ്ധതിയ്ക്ക് രൂപം നൽകുയും 2022 ഏപ്രിൽ 18 മുതൽ സംസ്ഥാന വ്യാപകമായി അന്യ സംസ്ഥാന ങ്ങളിൽ നിന്നും ചെക്ക് പോസ്റ്റുകൾ വഴി സംസ്ഥാന ത്തേയ്ക്ക് എത്തുന്നതുൾപ്പെടെയുള്ള മത്സ്യം പരിശോധി യ്ക്കുന്നതിന് ശക്തമായ ക്രമീകരണങ്ങൾ ഭക്ഷ്യ സുരക്ഷാ വകുപ്പ് ഒരുക്കുകയും ചെയ്തിട്ടുണ്ട് . ഇതിന്റെ ഭാഗമായി ഹാർബറുകൾ, മത്സ്യ ലേല മാർക്കറ്റുകൾ, മത്സ്യ മൊത്ത വിപണന കേന്ദ്രങ്ങൾ, മത്സ്യ വിൽപ്പന കേന്ദ്രങ്ങൾ, റെയിൽവേ സ്റ്റേഷനുകൾ, ചെക്ക് പോസ്റ്റുകൾ എന്നിവ കേന്ദ്രീകരിച്ച് മത്സ്യ പരിശോധനകൾ നടത്തി വരുന്നു.<br><br>കഴിഞ്ഞ സാമ്പത്തിക വർഷം ഓപ്പറേഷൻ മത്സ്യയുടെ ഭാഗമായി മാത്രം 6125 പരിശോധനകൾ നടത്തുകയും 401 നോട്ടീസുകളും 213 കോമ്പൗണ്ടിംഗ് നോട്ടീസുകളും നൽകുകയും, മത്സ്യത്തിന്റെ 45 സ്റ്റാറ്റ്യൂട്ടറി സാമ്പിളുകളും 7037 സർവ്വയിലൻസ് സാമ്പിളുകളും ശേഖരിച്ച് ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള അനലിറ്റിക്കൽ ലാബുകളിൽ പരിശോധനയ്ക്കായി നൽകുകയും ഭക്ഷ്യ യോഗ്യ മല്ലാത്ത 8450 കിലോഗ്രാം മത്സ്യം നശിപ്പിയ്ക്കുകയും, 351000/- രൂപ പിഴയായി ഈടാക്കുകയും ചെയ്തിട്ടുണ്ട്.<br><br>ഇതുകൂടാതെ പരിശോധനകളുടെ ഭാഗമായി മത്സ്യത്തിന്റെ സർവ്വയിലൻസ് സാമ്പിളുകൾ ശേഖരിച്ച് ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കുന്നുമുണ്ട് . കൂടാതെ മൊബൈൽ ഫുഡ് ടെസ്റ്റിംഗ് ലാബുകളുടെ സേവനം പ്രയോജനപ്പെടുത്തിയും മത്സ്യ പരിശോധനകൾ നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ